**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 41** **10-02-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അനധികൃതമായി സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | 2016-ൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടിൽ നിന്നും, കരകുള ഗ്രാമപഞ്ചായത്തിൽ മഹിളാ പ്രധാൻ ഏജന്റുമാർ മുഖേന നടത്തിയ സർവ്വേയിലൂടെയും പൊതുജനങ്ങളിൽ നിന്നു വിവിധ സംഘടനകളിൽ നിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളിന്മേൽ നടത്തിയ പരിശോധനകളിൽ നിന്നും സംസ്ഥാനത്ത സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ നിരവധി പേർ അനർഹരായുണ്ടെന്ന സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വാഹനങ്ങൾ സംബന്ധിച്ച ഡാറ്റാബേസ്, സ്പാർക്ക് ഡാറ്റാ ബേസ് സർവ്വീസ്/ കുടുംബ പെൻഷൻകാരുടെ ഡാറ്റാബേസ്, റബ്ബർ സബ്സിഡി ഡാറ്റാ ബേസ് എന്നിവ പരിശോധിച്ചപ്പോഴു അനർഹർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന കണ്ടെത്തിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ഡാറ്റാ ബേസ് സാമൂഹ സുരക്ഷാ പെൻഷൻ ഡാറ്റാബേസായ സേവനയുമായി സംയോജിപ്പിച്ച പരിശോധിച്ചപ്പോഴും രണ്ടിലധിക പെൻഷനുകൾ കൈപ്പറ്റുന്ന നിരവധി പേരെ കണ്ടെത്തുകയുണ്ടായി. പരിധിയിലധിക ഭൂമിയുള്ള അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നത തടയുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിലുള്ള വിശദാംശങ്ങൾ സേവന പെൻഷൻ പോർട്ടലുമായി ചേർന്ന പരിശോധിക്കുന്നതിനുള്ള നിർദ്ദേശങ്ങളു |

| | | | |
|---|---|---|---|
| | | | ഇതിനോടകം നൽകിയിട്ടുള്ളതാണ്. കൂടാതെ ആദായനികുതിയുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കൾ സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന വിഷയം നിലവിൽ പരിശോധനയിലാണ്.<br><br>മസ്റ്ററിംഗ് വഴി മരണപ്പെട്ടവരെയും വിവിധ കാരണങ്ങളാൽ അനർഹരായവരെയു കണ്ടെത്തുകയും അനർഹരെ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>**കൂടാതെ, സാമൂഹ്യ സുരക്ഷാ പെൻഷന ഗണത്തിൽപ്പെടുന്ന വിധവാ പെൻഷൻ വികലാംഗ പെൻഷൻ എന്നിവ ലഭ്യമായിരുന്ന ഗുണഭോക്താക്കൾക്ക് പിന്നീട് സർക്കാ സർവീസിൽ ജോലി ലഭിച്ചതിനു ശേഷം അനർഹമായി 1457 പേർ സാമൂഹ്യ സുരക്ഷ പെൻഷൻ കൈപറ്റിയതായി ബന്ധപ്പെ ഡാറ്റബേസുകളിലെ വിവരങ്ങൾ താരതമ്യ ചെയ്ത് കണ്ടെത്തിയിട്ടുള്ളതും അങ്ങനെ സാമൂഹ്യ സുരക്ഷാ പെൻഷന അനധികൃതമായി കൈപ്പറ്റിയ സർക്കാ ഉദ്യോഗസ്ഥരിൽ നിന്നും അനധികൃതമായ കൈപ്പറ്റിയ തുക 18% പലിശ സഹിത തിരികെ ഈടാക്കുന്നതിനും, വകുപ്പുത അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് ധനകാര്യ വകുപ്പിൽ നിന്നും നിർദേശ നൽകിയിട്ടുള്ളതുമാണ്. ആയത് പ്രകാരമുള്ള തുടർനടപടികൾ വിവിധ വകുപ്പുകൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പെൻഷൻ വാങ്ങുന്നവരെ കണ്ടെത്താൻ മോട്ടോർ വാഹന, റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ ഡാറ്റ പരിശോധിക്കാൻ ആലോചിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ ആദായനികുതി വകുപ്പിന്റെ സഹായം തേടിയിട്ടുണ്ടോ; | (ബി) | 2016-ൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടിൽ നിന്നും, കരകുള ഗ്രാമപഞ്ചായത്തിൽ മഹിളാ പ്രധാന ഏജന്റുമാർ മുഖേന നടത്തിയ സർവ്വേയിലൂടെയും പൊതുജനങ്ങളിൽ നിന്നു വിവിധ സംഘടനകളിൽ നിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളിന്മേൽ നടത്തിയ പരിശോധനകളിൽ നിന്നും സംസ്ഥാനത്ത സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ നിരവധി പേർ അനർഹരായുണ്ടെന്ന സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. മോട്ടോർ |

വാഹന വകുപ്പിന്റെ വാഹനങ്ങൾ സംബന്ധിച്ച ഡാറ്റാബേസ്, സ്പാർക്ക് ഡാറ്റാ ബേസ്/ സർവ്വീസ്/ കുടുംബ പെൻഷൻകാരുടെ ഡാറ്റാബേസ്, റബ്ബർ സബ്സിഡി ഡാറ്റാ ബേസ് എന്നിവ പരിശോധിച്ചപ്പോഴ് അനർഹർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ഡാറ്റാ ബേസ് സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാബേസായ സേവനയുമായി സംയോജിപ്പിച്ച് പരിശോധിച്ചപ്പോഴും രണ്ടിലധിക പെൻഷനുകൾ കൈപ്പറ്റുന്ന നിരവധി പേരെ കണ്ടെത്തുകയുണ്ടായി. പരിധിയിലധിക ഭൂമിയുള്ള അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നത് തടയുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിലുള്ള വിശദാംശങ്ങൾ സേവന പെൻഷൻ പോർട്ടലുമായി ചേർന്ന് പരിശോധിക്കുന്നതിനുള്ള നിർദ്ദേശങ്ങളു ഇതിനോടകം നൽകിയിട്ടുള്ളതാണ്. കൂടാതെ ആദായനികുതിയുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന വിഷയം നിലവിൽ പരിശോധനയിലാണ്.

മസ്റ്ററിംഗ് വഴി മരണപ്പെട്ടവരെയും വിവിധ കാരണങ്ങളാൽ അനർഹരായവരെയു കണ്ടെത്തുകയും അനർഹരെ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

**കൂടാതെ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗണത്തിൽപ്പെടുന്ന വിധവാ പെൻഷൻ വികലാംഗ പെൻഷൻ എന്നിവ ലഭ്യമായിരുന്ന ഗുണഭോക്താക്കൾക്ക് പിന്നീട് സർക്കാർ സർവീസിൽ ജോലി ലഭിച്ചതിനു ശേഷം അനർഹമായി 1457 പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപറ്റിയതായി ബന്ധപ്പെട്ട ഡാറ്റബേസുകളിലെ വിവരങ്ങൾ താരതമ്യ ചെയ്ത് കണ്ടെത്തിയിട്ടുള്ളതും അങ്ങനെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി കൈപ്പറ്റിയ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും അനധികൃതമായി കൈപ്പറ്റിയ തുക 18% പലിശ സഹിതം തിരികെ ഈടാക്കുന്നതിനും, വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും**

| | | | |
|---|---|---|---|
| | | | **ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് ധനകാര്യ വകുപ്പിൽ നിന്നും നിർദേശ നൽകിയിട്ടുള്ളതുമാണ്. ആയത് പ്രകാരമുള്ള തുടർനടപടികൾ വിവിധ വകുപ്പുകൾ സ്വീകരിച്ചു വരുന്നു.** |
| (സി) | അനധികൃതമായി വാങ്ങിയ പെൻഷൻ തുക പലിശ സഹിതം ഈടാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന സാഹചര്യങ്ങളിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നത് സംബന്ധിച്ച് 12.12.2024 തീയതിയിലെ 71/2024/ധന, 31.01.2025-ലെ 07/2025/ധന എന്നീ സർക്കുലറുകൾ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം "പെൻഷൻ അനർഹമായി അവസാനമായി കൈപ്പറ്റിയ തീയതി മുതൽ, ആകെ തിരിച്ചടക്കേണ്ട തുകക്ക്, തിരിച്ചടയ്ക്കുന്ന തീയതി വരെയുള്ള കാലയളവിന് 18% സാധാരണ പലിശ നിരക്കിൽ, പിഴപ്പലിശ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ